# കേരളസർവകലാശാല

Re-accredited by NAAC with A++ GRADE

നം.പി.ആർ.09/2024 തിരുവനന്തപുരം, തീയതി: 11/01/2024

## പത്രക്കുറിപ്പ്

### പരീക്ഷാ രജിസ്ട്രേഷൻ തീയതി നീട്ടി

കേരളസർവകലാശാല 2024 ജനുവരിയിൽ വിജ്ഞാപനം ചെയ്ത ഒന്നാം സെമസ്റ്റർ ബി.വോക്. ട്രാവൽ ആന്റ് ടൂറിസം (357) (ഇംപ്രൂവ്മെന്റ്/സപ്ലിമെന്ററി – 2022 അഡ്മിഷൻ) ഡിഗ്രി പരീക്ഷയുടെ രജിസ്ട്രേഷൻ 2024 ജനുവരി 16 വരെ നീട്ടിയിരിക്കുന്നു.

### പരീക്ഷാഫീസ് തീയതി നീട്ടി

കേരളസർവകലാശാലയുടെ മൂന്നാം സെമസ്റ്റർ സി.ബി.സി.എസ്.എസ്. ബി.എ./ ബി.എസ്സി./ബി.കോം. ഫെബ്രുവരി 2024 പരീക്ഷ (റെഗുലർ - 2022 അഡ്മിഷൻ, ഇംപ്രൂവ്മെന്റ്/സപ്ലിമെന്ററി - 2021 അഡ്മിഷൻ, സപ്ലിമെന്ററി - 2019 - 2020 അഡ്മിഷൻ, മേഴ്സി ചാൻസ് - 2017 അഡ്മിഷൻ) പരീക്ഷകളുടെ രജിസ്ട്രേഷനുള്ള അവസാന തീയതി പിഴകൂടാതെ 2024 ജനുവരി 16 വരെയും 150 രൂപ പിഴയോടെ ജനുവരി 18 വരെയും 400 രൂപ പിഴയോടെ ജനുവരി 20 വരെയും നീട്ടിയിരിക്കുന്നു.

### പരീക്ഷാഫലം

കേരളസർവകലാശാല 2023 ജൂലൈയിൽ നടത്തിയ നാലാം സെമസ്റ്റർ എം.എസ്സി. കൗൺസിലിംഗ് സൈക്കോളജി (റെഗുലർ & സപ്ലിമെന്ററി) പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മപരിശോധനയ്ക്ക് 2024 ജനുവരി 19 വരെ അപേക്ഷിക്കാം. സൂക്ഷ്മപരിശോധനയ്ക്ക് റെഗുലർ വിദ്യാർത്ഥികൾ www.slcm.keralauniversity.ac.in മുഖേനയും സപ്ലിമെന്ററി വിദ്യാർത്ഥികൾ exams.keralauniversity.ac.in മുഖേനയും ഓൺലൈനായി അപേക്ഷിക്കേണ്ടതാണ്. റെഗുലർ വിദ്യാർത്ഥികളുടെ അപേക്ഷാഫീസ് SLCM ഓൺലൈൻ പോർട്ടൽ മുഖേന മാത്രമേ സ്വീകരിക്കുകയുള്ളു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാല 2023 ജൂലൈയിൽ നടത്തിയ നാലാം സെമസ്റ്റർ എം.എ. സോഷ്യോളജി, എം.എ. മ്യൂസിക്, എം.എ. മ്യൂസിക് (വീണ), എം.എ. മ്യൂസിക് (വയലിൻ) പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മപരിശോധനയ്ക്ക് 2024 ജനുവരി 20 വരെ അപേക്ഷിക്കാം. സൂക്ഷ്മപരിശോധനയ്ക്ക് www.slcm.keralauniversity.ac.in മുഖേന ഓൺലൈനായി അപേക്ഷിക്കേണ്ടതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാല 2023 ജൂലൈയിൽ നടത്തിയ ബി.എ./ബി.എ. അഫ്സൽ–ഉൽ–ഉലാമ/ബി.എസ്സി./ബി.കോം. (ആന്വൽ സ്കീം) പാർട്ട് ഒന്ന്, രണ്ട് പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും 2024 ജനുവരി 20 വരെ അപേക്ഷിക്കാം. സൂക്ഷ്മപരിശോധനയ്ക്കുള്ള തീയതി പത്രക്കുറിപ്പിലൂടെ വിദ്യാർത്ഥികൾക്ക് ലഭ്യമാക്കുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാല 2023 സെപ്റ്റംബറിൽ വിജ്ഞാപനം ചെയ്ത ഒന്നാം സെമസ്റ്റർ ബി.വോക്. ട്രാവൽ ആന്റ് ടൂറിസം (357) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും 2024 ജനുവരി 20 വരെ ഓൺലൈനായി അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## പ്രാക്ടിക്കൽ/വൈവ–വോസി

കേരളസർവകലാശാല വിദൂരവിദ്യാഭ്യാസ പഠന കേന്ദ്രം നടത്തുന്ന മാസ്റ്റർ ഓഫ് ലൈബ്രറി ആന്റ് ഇൻഫർമേഷൻ സയൻസ് (MLISc) (റെഗുലർ – 2021 അഡ്മിഷൻ, സപ്ലിമെന്ററി – 2019 - 2020 അഡ്മിഷൻ) ഒക്ടോബർ 2023 പരീക്ഷയുടെ പ്രാക്ടിക്കൽ 2024 ജനുവരി 12 ന് കാര്യവട്ടം വിദൂരവിദ്യാഭ്യാസ പഠന കേന്ദ്രത്തിലെ കമ്പ്യൂട്ടർ ലാബിൽ വച്ച് നടത്തുന്നു. വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ.

കേരളസർവകലാശാല വിദൂരവിദ്യാഭ്യാസ പഠന കേന്ദ്രം നടത്തിയ മൂന്ന്, നാല് സെമസ്റ്റർ എം.എസ്സി. കമ്പ്യൂട്ടർ സയൻസ് (റെഗുലർ – 2021 അഡ്മിഷൻ, സപ്ലിമെന്ററി – 2019 - 2020 അഡ്മിഷൻ) ഒക്ടോബർ 2023 പരീക്ഷയുടെ പ്രാക്ടിക്കൽ, മേജർ പ്രോജക്ട് & വൈവ–വോസി പരീക്ഷകൾ 2024 ജനുവരി 16 മുതൽ കാര്യവട്ടം വിദൂരവിദ്യാഭ്യാസ പഠന കേന്ദ്രത്തിൽ വച്ച് നടത്തുന്നു. ബാച്ച് തിരിച്ചുള്ള വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ.

പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ–ചാർജ്ജ്)

**E-mail:** For queries helpdesk@keralauniversity.ac.in/
**website:** www.keralauniversity.ac.in

*University information is available on* **9188526670, 9188526671, 9188526674, 9188526675**
**Whats App No. 8547330240**